ടെയോ സ്പെഷ്യാലിറ്റി ആശുപത്രിയുടെയോ സൗകര്യം വേണമെന്നാണ്. ഇപ്പോൾ 30 കിടക്കകൾക്ക് ഒരു ഡോക്ടറാണ്. ആ ഡോക്ടർ അവിടെയുണ്ട്. രണ്ടു ഡോക്ടറാക്കണമെന്നാണ് ആവശ്യം. ഈ ജനുവരിയിൽ അനുവദിക്കപ്പെട്ടതും ഉത്തരവു പുറപ്പെടുവിച്ചതും നിഷേധിക്കുന്നുവെങ്കിൽ, അവിടെ ആ സൗകര്യം കിട്ടുന്നില്ലെന്നുള്ളത് എനിക്കറിഞ്ഞുകൂടാ. അതു തീർച്ചയായും പരിശോധിക്കാം. ജില്ലാ തലത്തിലാണ് ഈ നിയമനം മുഴുവൻ. ഗവൺമെന്റിനുപോലും വരേണ്ട. ഡി.എം.ഒ. ആണ് നഴ്സിംഗ് തസ്തികകളുടെ മുഴുവൻ അപ്പോയിന്റിംഗ് അതോറിറ്റി. ഡി.ആർ.ബി. ലിസ്റ്റ് അവിടെയുണ്ട്. അവിടെ ഒരു ഡോക്ടറേ ഇപ്പോഴുള്ളൂ. രണ്ടു ഡോക്ടർമാർ വേണമെന്നുള്ളതു സംബന്ധിച്ച് പരിശോധിക്കാം. കൺസ്യൂമർ പ്രൊട്ടക്ഷൻ തുടങ്ങിയ പ്രശ്നങ്ങളൊക്കെ അവിടെയുണ്ട്. ബഹു. എം.എൽ.എ. കൂടി താൽപ്പര്യമെടുക്കണം. അഞ്ചു നഴ്സുമാരുടെ തസ്തിക അവിടെയുണ്ട്. ആറു ബെഡ്ഡിന് ഒരു നഴ്സ് വേണം. അങ്ങനെയാണ് അഞ്ചു തസ്തിക അനുവദിച്ചിരിക്കുന്നത്. അപൂർവ്വം അനുവദിക്കപ്പെട്ട തസ്തികകളിൽ ഒന്നാണ് ഇത്. ധാരാളം കേസ്സുകൾ വേറെ കിടക്കുകയാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് രണ്ടാമത് ഒരു ഡോക്ടറുടെ തസ്തികകൂടി വേണമോയെന്നുള്ളത് പരിശോധിക്കാം.

(9) കീരംപാറ പഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും ലംഘിച്ചു നടത്തുന്ന പ്രവർത്തനങ്ങൾ

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, എറണാകുളം ജില്ലയിലെ കീരംപാറ പഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടക്കുന്ന വെട്ടിപ്പുകളും കൃത്രിമങ്ങളും സംബന്ധിച്ചാണ് എനിക്കു ബഹു.മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. കീരംപാറ പഞ്ചായത്ത് അധികൃതർ നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ട് നടത്തുന്ന അഴിമതികളും ക്രമക്കേടുകളും തീരുമാനങ്ങളും സ്വജനപക്ഷപാതവും കൃത്രിമവും സംബന്ധിച്ച് സർക്കാരിനും പഞ്ചായത്ത് അധികൃതർക്കും പല പരാതികളും സമർപ്പിച്ചുവെങ്കിലും നടപടി ഉണ്ടാകാത്ത പശ്ചാത്തലത്തിലാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പഞ്ചായത്തു നിയമമനുസരിച്ച് പഞ്ചായത്തുയോഗ നടപടിച്ചട്ടങ്ങളിൽ ചട്ടം 26 പ്രകാരം പഞ്ചായത്ത് മെമ്പർക്ക് ലഭിച്ചിരിക്കേണ്ട കമ്മിറ്റിയുടെ മിനിട്സിന്റെ പകർപ്പ് അവിടത്തെ ഒരു പഞ്ചായത്ത് അംഗമായ മെഴ്സി വർക്കി ആവശ്യപ്പെട്ടിട്ട് ഇതുവരെ നൽകിയിട്ടില്ല. മിനിട്സ്-ബുക്ക് വായിച്ചുനോക്കാനും അവർക്കു നൽകിയിട്ടില്ല. പഞ്ചായത്തു കമ്മിറ്റിയിലെ ഏതാനും മെമ്പർമാരും സെക്രട്ടറിയുംകൂടി ഒരു ടീമായി പ്രവർത്തിക്കുകയും ഹാജർ ബുക്കിൽ ഒപ്പിട്ടു കഴിയുമ്പോൾ കമ്മിറ്റി ഒരു ചടങ്ങായി മാത്രം കൂടുകയുമാണ് പതിവായിട്ടുള്ളത്. കമ്മിറ്റിയുടെ അജണ്ടയും 28.1.99 വരെ മെഴ്സി വർക്കിക്ക് നൽകിയിട്ടില്ല. പ്രസിഡന്റിനോടും സെക്രട്ടറിയോടും വാക്കാലും രേഖാമൂലവും മിനിട്സിന്റെ പകർപ്പ് ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ അതു നൽകിയിട്ടില്ല. പഞ്ചായത്തു മേലധികാരികൾക്ക് പരാതികൾ നൽകിയിട്ടും മിനിട്സിന്റെ പകർപ്പുലഭിക്കാത്ത സാഹചര്യത്തിൽ ഹൈക്കോടതിയിൽ ഒ.പി 4415/99 ആയി ഫയൽ ചെയ്ത അന്യായത്തിൽ പരാതിക്കാരിക്ക് മിനിട്സിന്റെ പകർപ്പ് മുൻകാല പ്രാബല്യത്തോടെ നൽകണമെന്ന് 28.5..99-ൽ കോടതി ഉത്തരവായിട്ടുണ്ട്. അത് ഇതുവരെ നൽകിയിട്ടില്ല. ജനകീയാസൂത്രണപദ്ധതിയുടെ സുതാര്യ രേഖകളായ പദ്ധതി രേഖയും, ഗ്രാമ സമിതികൾ, കർമ്മ സമിതികൾ, വികസന സെമിനാർ എന്നിവയുടെ മിനിട്സുകളും പദ്ധ

LIBRARY ARCHIVES Kerala Legislative Assembly

തികളുടെ സ്വകാര്യ ഫയലുകളും പഞ്ചായത്ത് അംഗമായ മെഴ്സി വർക്കി പരിശോധനയ്ക്കായി രേഖാമൂലം ആവശ്യപ്പെട്ടിട്ടും സെക്രട്ടറി ഇതുവരെ നൽകിയിട്ടില്ല. ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകിയ പരാതിയിൻമേൽ അവ ഉടനടി നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് രേഖാമൂലം നിർദ്ദേശം നൽകിയെങ്കിലും സെക്രട്ടറി ഇതുവരെ നൽകിയിട്ടില്ല. ഏതാനും രേഖകൾ പഞ്ചായത്തുമായി ബന്ധപ്പെട്ട അഴിമതി വിരുദ്ധ സമിതിയുടെ കൺവീനർ കെ.പി. വർക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് ഒരു പരാതി കൊടുത്തു. അതിൻമേൽ ആ രേഖകൾ കൊടുക്കാൻ പറഞ്ഞുവെങ്കിലും അതു നൽകിയിട്ടില്ല. 1997-98 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ ജനകീയാ സൂത്രണപദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ അഴി മതിയും സ്വജനപക്ഷപാതവും കൃത്രിമവും ക്രമക്കേടുകളും നിയമലംഘനവു മുണ്ടായിട്ടുണ്ട്. ഇതിനെപ്പറ്റി അഴിമതി വിരുദ്ധസമിതിതന്നെ സർക്കാരിനും പഞ്ചായത്തിനും മൃഗസംരക്ഷണവകുപ്പു ഡയറക്ടർക്കും നൽകിയ പരാതിക ളിൻമേൽ നടപടിയുണ്ടായിട്ടില്ല. 1997-98 വർഷത്തിൽ പൊതുമരാമത്ത് പണി കൾ നടത്താതെ മൂന്നു റോഡുകളുടെ തുക വ്യാജമായി എഴുതിയെടുത്ത തിനെ സംബന്ധിച്ച് പഞ്ചായത്ത് മെമ്പർ നൽകിയ പരാതിയിൻമേൽ അന്വേ ഷണം നടത്തിയതിൽ പരാതി ശരിയാണെന്ന് വെളിപ്പെട്ടു. ആറു മാസത്തിനു ശേഷം രണ്ടു റോഡുകളുടെ പണി പൂർത്തീകരിച്ചു. അതിൽ വെളിയച്ചാൽ, മുട്ടത്തുകണ്ടം റോഡിന്റെ പണി നടത്താതെ 1,77,176 രൂപ ചെലവ് എഴുതിയെ ടുത്തു. ഈ റോഡിന്റെ ഗുണഭോക്താക്കളിൽ 17 ശതമാനം മാത്രമേ പട്ടികജാ തിക്കാരുള്ളൂ എന്നു മറച്ചുവച്ചുകൊണ്ട് 55 ശതമാനം ഗുണഭോക്താക്കളും പട്ടി കജാതിക്കാരാണെന്ന് വ്യാജമായിട്ട് റെക്കോർഡുണ്ടാക്കിയിട്ടുണ്ട്. 1997-98 വർഷ ത്തിൽ ഗ്രാമസഭകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച് ഗുണഭോക്താക്കളുടെ പട്ടികയിൽ ക്രമനമ്പർ പ്രകാരമ ല്ലാതെ വീടുകൾ നൽകിയ ലിസ്റ്റിൽ ഗുണഭോക്താക്കൾക്ക് വീടുകൾ നൽകാതെ ലിസ്റ്റിൽ പേരില്ലാത്ത 16 പേർക്കു വീടുകൾ നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗ ത്തിന്റെ ലിസ്റ്റിൽ പട്ടികജാതിക്കാരല്ലാത്തവർക്കും വീടുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തു യോഗ നടപടിക്രമങ്ങളുടെ ചട്ടങ്ങൾ പ്രകാരം സെക്രട്ടറിയാണ് തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ റിക്കോർഡ് ചെയ്യേണ്ടതെങ്കിലും.....

<u>മി.സ്പീക്കർ</u> : ഇതൊക്കെ മന്ത്രിക്ക് എഴുതിക്കൊടുത്താലല്ലേ ആൻസർ ചെയ്യാൻ പറ്റൂ.?

<u>ശ്രീ. ടി. എം. ജേക്കബ്</u> : നേരത്തെ കൊടുത്തു. പല പ്രാവശ്യം കൊടുത്തിട്ടുണ്ട്. ഇതുവരെ നടപടിയുണ്ടായിട്ടില്ല. സഭാരേഖയിൽ ഇതു വരട്ടെ സർ. മൂന്നു വർഷമായിട്ട് വൈസ്പ്രസിഡന്റാണ് അവിടെ മിനിട്ട്സ് എഴുതി ക്കൊണ്ടിരിക്കുന്നത്.

1998-99-ൽ ഗ്രാമസഭയിലും വികസന സെമിനാറിലും അവതരിപ്പി ച്ചതും കമ്മിറ്റി അംഗീകരിച്ചതുമായ പദ്ധതിരേഖയിൽ 7 റോഡുകളുടെ പൊതു മരാമത്തു പണികൾ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. പിന്നീട് പഞ്ചായത്ത് മെമ്പർ ശ്രീമതി മേഴ്സി വർക്കി അറിയാതെ മിനിട്ട്സ് ബുക്കിൽ നാലു റോഡു കളുടെ പൊതുമരാമത്തു പണികൾക്കായി നാലുലക്ഷം രൂപയുടെ പണികൾ കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ വരവുചെലവു കണക്കുകൾ അടുത്തമാസം പഞ്ചായത്തു കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. കീരംപാറ പഞ്ചായത്തിന്റെ 7 മാസത്തെ വരവുചെലവു കണക്കുകൾ കമ്മിറ്റി അംഗീകരി ച്ചിട്ടില്ല. 1998-99 വർഷത്തെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലെ ക്രമക്കേ

LIBRARY ARCHIVES Kerala Legislative Assembly

ടുകളെപ്പറ്റി നൽകിയ പരാതിയിൻമേലും നടപടിയുണ്ടായിട്ടില്ല. ഇവിടെ ഒരു അപ്രന്റീസ് എഞ്ചിനീയറുടെ നിയമനത്തിനുള്ള തീരുമാനം വ്യാജമായി മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി. അപേക്ഷ സ്വീകരിച്ച് ഇന്റർവ്യൂ നടത്തി നിയമിച്ച എം.എ. ഫാത്തിമയെ ഈ പഞ്ചായത്ത് പ്രസിഡന്റ് വാക്കാൽ പിരിച്ചുവിട്ടു. അപേക്ഷ സമർപ്പിക്കാതിരുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ഭാര്യയുടെ പേര് ഹാജർബുക്കിൽ കൃത്രിമം കാട്ടി എഴുതിച്ചേർത്ത് നിയമിച്ചു. അങ്ങനെ പരാതി കൊടുത്തു, അന്വേഷണം നടത്തി, അത് വാസ്തവമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പക്ഷേ നടപടിയുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പഞ്ചായത്ത് അംഗം കമ്മിറ്റിയിൽ പരിഗണിക്കേണ്ടതിലേയ്ക്ക് പ്രസിഡന്റിന് നേരിട്ടു നൽകുന്ന ഒരു നിവേദനം കിട്ടിയില്ലെന്ന് പറയുകയും സെക്രട്ടറിക്ക് നൽകുന്നത് കമ്മിറ്റിയിൽ വയ്ക്കാതിരിക്കുകയും പ്രസിഡന്റിന്റെ പേരിൽ തപാലിൽ അയയ്ക്കുന്ന കത്തുകൾ നിരസിച്ച് മടക്കി അയയ്ക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തു വകുപ്പ് 186 പ്രകാരം പ്രസിഡന്റിൽ നിക്ഷിപ്തമായ അധികാരമുപയോഗിക്കാതെ കൃത്യവിലോപം കാട്ടുകയും പഞ്ചായത്തുവകുപ്പ് 196 പ്രകാരം പ്രസിഡന്റിൽ നിക്ഷിപ്തമായ കർത്തവ്യവും ചുമതലയും നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുകയും, ഈ വകുപ്പ് 193 പ്രകാരം പ്രസിഡന്റിൽ നിക്ഷിപ്തമായ കർത്തവ്യം മനഃപൂർവ്വം നിറവേറ്റാതിരിക്കുകയും അധികാരങ്ങൾക്ക് അതീതമായി പ്രവർത്തിക്കുകയും അധികാര ദുർവിനിയോഗം നടത്തുകയും ചെയ്തിട്ടുള്ള കാര്യത്തിൽ പഞ്ചായത്തു കമ്മിറ്റിക്ക് കൂട്ടുത്തരവാദിത്വമുള്ളതുകൊണ്ട് കീരംപാറ പഞ്ചായത്തു കമ്മിറ്റിയെ കേരളാ പഞ്ചായത്തുരാജ് നിയമം 193(1) പ്രകാരം പിരിച്ചുവിട്ടുകൊണ്ട് ഗവൺമെന്റ് നടപടി സ്വീകരിക്കുകയും പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി എന്നിവർക്കെതിരെ അന്വേഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കൃത്യവിലോപത്തിനും കൃത്രിമത്തിനും ബഹുമാനപ്പെട്ട ഗവൺമെന്റ് കൂട്ടുനിൽക്കരുത്, ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, കോതമംഗലം താലൂക്കിൽ കീരംപാറ പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങളിൽ അഴിമതിയും ക്രമക്കേടുകളും ധനാപഹരണങ്ങളും മറ്റും നടന്നിട്ടുണ്ടെന്നുകാണിച്ച് കോൺഗ്രസ് (ഐ) ബ്ലോക്ക് കമ്മിറ്റി വൈസ് പ്രസിഡന്റ് ശ്രീ. കെ.പി. വർക്കി 10.10.1998 തീയതി വച്ച് തദ്ദേശ സ്വയംഭരണ വകുപ്പുസെക്രട്ടറിക്കു നൽകിയ പരാതിയിൽ 4.11.1998-ൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി പരാതിക്കാരനേയും മറ്റും നേരിൽ കേട്ട് അന്വേഷണം നടത്തുകയുണ്ടായി. മേൽ പരാതി സംബന്ധിച്ചുതന്നെ ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്, ജില്ലാ പെർഫോർമൻസ് ആഡിറ്റ് ഓഫീസർ എന്നിവരും അന്വേഷണം നടത്തി. ശ്രീ. കെ.പി. വർക്കി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി. ബോധിപ്പിച്ചു. കൂടാതെ മിനിട്ട്സിന്റെ പകർപ്പുകൾ നൽകുന്നില്ല എന്നു പരാതിപ്പെട്ടുകൊണ്ട് പഞ്ചായത്ത് മെമ്പർ ശ്രീമതി മേഴ്സി വർക്കി ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി.എം. ജേക്കബിന്റെ ആമുഖ കത്തോടുകൂടി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള പരാതിയിൻമേൽ എറണാകുളം പഞ്ചായത്തു ഡയറക്ടർ അന്വേഷണം നടത്തി. അതിൽ പഞ്ചായത്തിന്റെ മിനിട്ട്സ് നാളിതുവരെയുള്ളത് എഴുതിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തതിനാൽ ആയതിന്റെ പകർപ്പ് ശ്രീമതി മേഴ്സി വർക്കിക്കു നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ശ്രീമതി മേഴ്സി വർക്കി ഫയൽ ചെയ്ത ഒ.പി. യിൽ ബഹുമാനപ്പെട്ട 406/2010.

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി, ശ്രീമതി മേഴ്സി വർക്കി തദ്ദേശസ്വയംഭരണവകുപ്പുസെക്രട്ടിറിക്ക് അപേക്ഷ നൽകുന്ന മുറയ്ക്ക് മിനിട്സിന്റെ പകർപ്പ് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തുരാജ് നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് കീരംപാറ പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് എന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബഹു. മെമ്പർ കീരംപാറ പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ നൽകിയിട്ടുള്ള പരാതികൾ സമഗ്രമായി പരിശോധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ ഡിപ്പോ ആയി ഉയർത്തുന്നത് സംബന്ധിച്ച്

ശ്രീ. എൻ. അനിരുദ്ധൻ : സർ, ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ ഒരു ഓപ്പറേറ്റിംഗ് ഡിപ്പോ ആയി ഉയർത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വളരെ പഴക്കമുള്ള ഒരാവശ്യമാണിത്. 1976 മുതൽ ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. യുടെ ഓപ്പറേറ്റിംഗ് ഡിപ്പോ പ്രവർത്തനം ആരംഭിക്കണമെന്ന നിവേദനം ഗവൺമെന്റിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1996-ൽ അവിടെ ഒരു ബസ്സ് സ്റ്റേഷൻ ആരംഭിക്കുകയും സബ്സ്റ്റേഷനായിട്ട് അത് പ്രവർത്തിക്കുകയും ഒരു ഇൻസ്പെക്ടറെ അവിടെ നിയമിക്കുകയും ചെയ്തു. എൻ.എച്ച്. വഴി പോകുന്ന വാഹനങ്ങൾ അവിടെ കയറിയിറങ്ങുന്നു എന്നുള്ളതല്ലാതെ മറ്റു പ്രയോജനങ്ങളൊന്നും ഇതുകൊണ്ടുയുണ്ടാകുന്നില്ല. അഞ്ച് ഏക്കർ വസ്തുവും അതിൽ ആവശ്യമുള്ള കെട്ടിടങ്ങളും ചുറ്റുമതിലും പഞ്ചായത്തിന്റെയും നാട്ടുകാരുടെയും വകയായി കെ.എസ്.ആർ.ടി.സി.ക്ക് സംഭാവനയായി നൽകി. അത് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചു എന്നാൽ കൊല്ലത്തും ആറ്റിങ്ങലും ബസ്സ് സൂക്ഷിക്കുന്നതിന് സൗകര്യമില്ലാതെ റോഡുകളിൽ അനാഥമായിട്ടിരിക്കുന്ന സ്ഥിതിവിശേഷമുള്ളപ്പോൾപ്പോലും ഈ നാട്ടുകാർ സംഭാവനയായി നൽകിയ വസ്തുവും സ്ഥലവും കെട്ടിടങ്ങളും ഉപയോഗിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തയ്യാറാകുന്നില്ല. അതുപയോഗിച്ച് ഒരു ഓപ്പറേറ്റിംഗ് സ്റ്റേഷനായി നടത്തുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ജനങ്ങൾ അവിടെ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. അത് ശ്രദ്ധിക്കാതിരിക്കുകയാണ്. 1997-98-ലെ ബഡ്ജറ്റിൽ ഈ ഡിപ്പോ പ്രവർത്തനം ആരംഭിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ പറഞ്ഞിരുന്നു. ആ വർഷവും കഴിഞ്ഞു, അടുത്തവർഷവും കഴിഞ്ഞു. ഇപ്പോഴും അതിനെക്കുറിച്ച് ആലോചനയേയില്ല. ബഹുജനങ്ങൾ ഈ വിഷയത്തിൽ ഒരു ജനകീയസമരത്തിനുതന്നെ തയ്യാറായിട്ടുണ്ട്. പരിദേവനങ്ങൾകൊണ്ട് ഫലമില്ലെന്നുവന്നതിന്റെ അടിസ്ഥാനത്തിലാണിത്. തീർച്ചയായും ജനകീയ ഗവൺമെന്റും അതിലെ മന്ത്രിയും ഈ കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കുന്നതിനും ചാത്തന്നൂർ ഡിപ്പോ നാമമാത്രമായി പ്രവർത്തിക്കുന്ന സബ്സ്റ്റേഷനുപകരം ഓപ്പറേറ്റിംഗ് ഡിപ്പോ ആയി ഉയർത്തുന്നതിനുമാവശ്യമായ നടപടികൾ ഫലപ്രദമായി അടിയന്തിരമായി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഓപ്പറേറ്റിംഗ് ഡിപ്പോ എന്നു പറഞ്ഞിട്ട് ഒന്നില്ല. ഓപ്പറേറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly